(ബി) അവ വാങ്ങുന്നതിനായി ആകെ എത്ര തുക വിനിയോഗിച്ചുവെന്നും, എവിടെ നിന്നാണ് വാങ്ങിയത് എന്നും, ഗെയിംസ് പര്യവസാനിച്ചതിനു ശേഷം ഇവ എന്തുചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്നും വിശദമാക്കുമോ?

ഉത്തരം

(എ) ആകെ 4901 എണ്ണം. സ്റ്റാന്റ് ഉള്ളത് 4031 എണ്ണം (900 രൂപ നിരക്കിൽ) സ്റ്റാൻഡ് ഇല്ലാത്തത് 870 എണ്ണം (250 രൂപ നിരക്കിൽ)

(ബി) ഇതിനായി 38,45,400 രൂപ വിനിയോഗിക്കുകയുണ്ടായി. ദിശാബോർഡുകൾ കേരളാ സ്റ്റേറ്റ് ബാംബൂ കോർപ്പറേഷന്റെ കീഴിലുള്ള കോഴിക്കോട് ഹൈടെക് ബാംബൂ ഫ്ളോറിംഗ് ടൈൽ ഫാക്ടറിയിൽ നിന്നാണ് വാങ്ങിയത്. സ്റ്റേഡിയങ്ങളിൽ ദിശാസൂചകങ്ങളായി സൂക്ഷിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്.

ടെന്നീസ് പരിശീലനവേദിയിലെ അടിസ്ഥാനസൗകര്യങ്ങൾ

300 (306) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ ഗെയിംസിന്റെ ഭാഗമായി ടെന്നീസ് താരങ്ങളുടെ പരിശീലന വേദിയായ ട്രിവാൻഡ്രം ടെന്നീസ് ക്ലബ്ബിൽ എന്തൊക്കെ അടിസ്ഥാന സൗകര്യങ്ങളാണ് ഒരുക്കി നൽകിയതെന്ന് വിശദമാക്കുമോ ;

(ബി) ഇതിന് ചെലവഴിക്കപ്പെട്ട തുകയുടെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) കുമാരപുരത്തുള്ള ടെന്നീസ് കോംപ്ലക്സിലെ പ്രധാന കോർട്ടിൽ നടത്തിയ നിർമ്മാണ പ്രവർത്തനങ്ങളുടെയും ഇതിന് ചെലവഴിക്കപ്പെട്ട തുകയുടെയും വിശദാംശങ്ങൾ ഇനം തിരിച്ച് ലഭ്യമാക്കുമോ ?

ഉത്തരം

(എ) സ.ഉ.(സാധാ)നമ്പർ 4673/09/പൊ.വി.വ. തീയതി 11-11-2009 പ്രകാരം ഭരണാനുമതി നൽകി പ്രാക്ടീസിനായി സിന്തറ്റിക് ടെന്നീസ് കോർട്ടുകൾ നിർമ്മിച്ചിട്ടുണ്ട്. ഇവയ്ക്ക് മേൽക്കൂര, ഫെൻസിംഗ്, ഓടകൾ. വൈദ്യുതീകരണം, ലൈറ്റിംഗ് എന്നിവയും ഏർപ്പാടാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) I. മേൽക്കൂര നിർമ്മാണം.

കരാർ തുക - 1,10,70,835 രൂപ

ബില്ല് നൽകിയത് - 74,54,876 രൂപ

II. സിന്തറ്റിക് സർഫസ് നിർമ്മാണം

കരാർ തുക - 50,35,946 രൂപ

ചെലവഴിച്ചത് - 36,93,646 രൂപ

(സി) കുമാരപുരം ടെന്നീസ് കോംപ്ലക്സിൽ 4 സിന്തറ്റിക് കോർട്ടുകൾ, ഫെൻസിംഗ്, ഫെസിലിറ്റി കെട്ടിടം, വൈദ്യുതകരണം, ലൈറ്റിംഗ് സംവിധാനം, ലാൻഡ് സ്കേപ്പിംഗ് എന്നിവ നിർമ്മിച്ചിട്ടുണ്ട്. ഇതിലേയ്ക്കായി താഴെപ്പറയുന്ന രീതിയിൽ തുക ചെലവഴിച്ചിട്ടുണ്ട് :

I. സിവിൽ, ഇലക്ട്രിക്കൽ പ്രവൃത്തികൾ

കരാർ തുക - 1,79,41,582 രൂപ

ചെലവഴിച്ചത് - 1,21,93,249 രൂപ

II. സിന്തറ്റിക് കോർട്ട് നിർമ്മാണം

കരാർ തുക - 67,14,595 രൂപ

ചെലവഴിച്ചത് - 60,62,590 രൂപ

III. ലാൻഡ് സ്കേപ്പിംഗ്

കരാർ തുക - 6,,30,530 രൂപ

ചെലവഴിച്ചത് - 2,52,212 രൂപ

ചാലക്കുടി, പനമ്പിള്ളി മെമ്മോറിയൽ ഗവൺമെന്റ് കോളേജ് സ്റ്റേഡിയത്തിൽ ഗ്യാലറിയും സിന്തറ്റിക് ഫ്ലോറിംഗും അടക്കമുള്ള വികസന പ്രവർത്തനങ്ങൾ

301 (307) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി, പനമ്പിള്ളി മെമ്മോറിയൽ ഗവൺമെന്റ് കോളേജ് സ്റ്റേഡിയത്തിൽ ഗ്യാലറിയും സിന്തറ്റിക് ഫ്ലോറിംഗും അടക്കമുള്ള വികസന പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly